പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 934

**03.12.2014** ൽ മറുപടിക്ക്

## വേനൽക്കാലത്ത് ശുദ്ധജല വിതരണം സുഗമമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. സി. കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. മാത്യു. റ്റി. തോമസ്. | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | വേനൽക്കാലത്ത് ശുദ്ധജല വിതരണം നടത്തുന്ന മേഖലകളിലെ നദികളിൽ ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ സ്ഥലങ്ങളിൽ തടയണ കെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ എല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

(ബി) സ്വീകരിച്ചിട്ടുണ്ട്.

1. കോട്ടയം ജില്ലയിൽ മീനച്ചിൽ നദിയിൽ പാറമ്പുഴയിലും കുടമാളൂർ പമ്പ് ഹൗസിനു മുകളിലും താഴെയും പനമ്പാലം തോടിനു കുറുകെ നേരെ കടവിൽ എന്നിവിടങ്ങളിൽ ഉപ്പുവെള്ളം തടയുന്നതിനുള്ള ബണ്ട് എല്ലാ വർഷവും സ്ഥാപിക്കാറുണ്ട്. ഈ വർഷം ബണ്ട് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

2. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പുളിക്കീഴാറിനു കുറുകെ വർഷം തോറും ഓരുമുട്ടു സ്ഥാപിച്ച് ജലാശയങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നു.

3. കൊടുങ്ങല്ലൂർ - ചാവക്കാട് മേഖലകളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി കർഷകരുടെ പരാതികൾ ലഭിച്ചതനുസരിച്ച് നിറവ് മുതലായ സ്കീമുകളിൽ പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ റിപ്പോർട്ടു ചെയ്യുന്നു. ഫണ്ടും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതാണ്.

4. കൊല്ലം ജില്ലയിൽ കല്ലടയാറ്റിൽ കടപ്പുഴ പാലത്തിന് സമീപം ഉപ്പുവെള്ളം കയറാതിരിക്കാൻ റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കുള്ള നടപടികൾ എടുത്തുവരുന്നു.

5. ഇത്തിക്കരയാറ്റിൽ അടുതല പാലത്തിന് താഴ്ഭാഗത്ത് തടയണ നിർമ്മിച്ചിട്ടുണ്ട്.

6. ആലപ്പുഴ ജില്ലയിൽ നാലുകെട്ട് കവലയ്ക് സമീപം ഒരു റെഗുലേറ്റർ (NTPC) യ്ക്കായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

7. എറണാകുളം ജില്ലയിൽ പാതാളം, പുറപ്പള്ളിക്കാവ്, കണക്കൻകടവ് എന്നീ മേഖലകളിലാണ് ഓരു വെള്ളത്തിന്റെ ഭീഷണിയുള്ളത്.

<u>പാതാളം</u>: - ഇവിടെ ഓരുവെള്ളം തടയുന്നതിനായി സ്ഥിരം സംവിധാനമായ റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി 80% പൂർത്തിയായി. ഈ സീസണിൽ ഉപ്പുവെള്ളം കേറാതിരിക്കാനുള്ള ബണ്ട് നിർമ്മാണം പൂർത്തിയായി.

<u>പുറപ്പിള്ളിക്കാവ്</u> : - ഇവിടെ എല്ലാ വർഷവും മണൽ ബണ്ട് ഇട്ടാണ് ഓരുവെള്ള ഭീഷണി തടഞ്ഞു വന്നിരുന്നത്. ഇപ്പോൾ ഇവിടെ സ്ഥിരം സംവിധാനമായ റഗുലേറ്റർ കം ബ്രിഡ്ജിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കണക്കൻകടവ്</u>: - ഇവിടെ ഓരുവെള്ളം തടയുന്നതിനായി സ്ഥിര സംവിധാനമായ റഗുലേറ്റർ ഷട്ടറുകൾ ഉണ്ട്. ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുമുണ്ട്.

8. തൃശ്ശൂർ ജില്ലയിൽ പി.സി. കനാലിൽ ഒരുമനയൂർ ലോക്കിന്റെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരുവന്നൂർ പുഴയിൽ മുനയം ഭാഗത്ത് റഗുലേറ്റർ നിർമ്മിക്കുന്നതിനായി 21.75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

9. കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി പുഴയ്ക്ക് കുറുകെ പെരിഞ്ചേരിക്കടവിൽ ആർ.സി.ബി. നിർമ്മാണം എന്ന ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

10. കൊയിലാണ്ടി താലൂക്കിൽ തലക്കളത്തൂർ പഞ്ചായത്തിൽ അകലാപ്പുഴയിൽ മുക്കം കടവിൽ ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ചങ്ങരോത്ത് പഞ്ചായത്തിൽ കാഞ്ഞിരക്കടവത്ത് ചെറുപുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

11. മലപ്പുറം ജില്ലയിൽ പൂരപ്പുഴയ്ക്ക് കുറുകെ പരപ്പനങ്ങാടിയിൽ പാറയിൽ വി.സി.ബി. നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്.

12. മലപ്പുറം ജില്ലയിൽ കടലുണ്ടി പുഴയിലേക്കും ബിയ്യം കായലിലേയ്ക്കും തിരൂർ പൊന്നാനി പുഴയിലേയ്ക്കും പൂരപ്പുഴയിലേയ്ക്കും വേനൽകാലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാനായി തിരൂർ പൊന്നാനി പുഴയ്ക്ക് കുറുകെ കൂട്ടായിയിൽ ഒരു ആർ.സി.ബി. യും ബിയ്യം കായലിനും കുറുകെ ബിയ്യം റെഗുലേറ്റർ കം ബ്രിഡ്ജും നിർമ്മിച്ചിട്ടുണ്ട്.

13. കാസർഗോഡ് ജില്ലയിൽ പാലായിവളവിൽ കരിയങ്ങോട് പുഴയ്ക്ക് കുറുകെ SWE-RCB നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡിൽ ഉൾപ്പെടുത്താനായി സമർപ്പിച്ചിട്ടുണ്ട്.

14. കോഴിക്കോട് ജില്ലയിൽ ഉപ്പുവെള്ളം കയറുന്ന താഴെ പറയുന്ന സ്ഥലങ്ങളിൽ തടയണ കെട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ചേളന്നൂർ പഞ്ചായത്തിൽ കൽച്ചിറയിൽ വിസിബി യുടെ പുനർ നിർമ്മാണം.
(2) ചെക്യാട് പഞ്ചായത്തിൽ വാർഡ് നം. 14 ൽ തോട്ടുമുക്കത്തെ മുണ്ടത്തോടിന്റെ വിസിബി യുടെ നിർമ്മാണം.

<u>പുതിയ പ്രൊപ്പോസലുകൾ:</u> -

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ചിറ്റാരിക്കടവിൽ ആർ.സി.ബി. നിർമ്മാണം.
(ബി) എയ്റാമലയിൽ പഞ്ചായത്തിലെ രണ്ടാം വാർഡിൽ നായരിക്കോവുമ്മൽ തോട്ടിൽ SWE-VCB നിർമ്മാണം

15. കണ്ണൂർ ജില്ലയിൽ ഉപ്പുവെള്ളം തടയുന്നതിനുവേണ്ടി താഴെ പറയുന്ന തടയണകൾ നിർമ്മിച്ചിട്ടുണ്ട്.

(എ) തലശ്ശേരിപ്പുഴയിൽ കുണ്ടുചിറ അണക്കെട്ട്
(ബി) മുപ്പോട് തോട് ഉപ്പുവെള്ള പ്രതിരോധ ക്രോസ് ബണ്ട്.
(സി) പോത്താട മുട്ട് കണ്ടി പ്രതിരോധ ക്രോസ് ബണ്ട്
(ഡി) പരണൂർ പ്രതിരോധ ക്രോസ് ബണ്ട്
(ഇ) മുലക്കീൽ പ്രതിരോധ ക്രോസ് ബണ്ട്
(എഫ്) വെള്ളിക്കീൽ പാഞ്ചലായി പ്രതിരോധ ക്രോസ് ബണ്ട്
(ജി) മീൻകുഴി വെൻഡഡ് ഡാം പ്രതിരോധ ക്രോസ് ബണ്ട്
(എച്ച്) കുണ്ടുചിറ അണക്കെട്ട് പ്രതിരോധ ക്രോസ് ബണ്ട്
(ഐ) ഉമ്മൻചിറ അണക്കെട്ട്

} താല്ക്കാലിക ബണ്ട്

16. മാഹിപ്പുഴയിൽ മോന്താൻ റഗുലേറ്റർ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

17. കാസർഗോഡ് ജില്ലയിൽ ബാവിക്കര റഗുലേറ്റർ ഉപ്പുവെള്ള പ്രതിരോധത്തിനും കുടിവെള്ള വിതരണത്തിനും സഹായകമാണ്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ